വിശകലനം ●

ശിഹാബ് പൂക്കോട്ടൂർ

# ബിനാമി രാഷ്ട്രീയത്തിന്റെ ലയന മാമാങ്കങ്ങൾ

**കേരളം** ആരുഭരിച്ചാലും അതിനെ നിയന്ത്രിക്കുന്നത് പ്രധാനമായും രണ്ടു സഭകളാണ്. നായർ സർവീസ് സൊസൈറ്റിയും (എൻ.എസ്.എസ്), സുറിയൻ കാത്തലിക് സഭയുമാണ് യു.ഡി.എഫ്–എൽ.ഡി.എഫ് സർക്കാറുകളെ നിയന്ത്രിക്കുന്നത്. ഭരണകൂടത്തിന്റെ ഒരു നിശ്ചിത ഭാഗവും ബ്യൂറോക്രസിയുടെ ഏതാണ്ടെല്ലാ ഭാഗവും ഇവരുടെ കീഴിലാണ്. ക്രൈസ്തവസഭക്ക് കേരള രാഷ്ട്രീയത്തിലുള്ള സ്വാധീനം ഒന്നുകൊണ്ട് മാത്രമാണ് ദേവസ്വം ബോർഡ്, വഖഫ് ബോർഡ് പോലെ അരമന ബോർഡ് നിലവിൽ വരാതിരിക്കുന്നത്. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും പള്ളി കേന്ദ്രീകൃതമായ കോടികളുടെ ആസ്തികളും ആശുപത്രികളും ജനസേവനത്തിന്റെ പേരിൽ രൂപവത്കരിച്ച വിവിധ സൊസൈറ്റികൾ വഴി നടത്തുന്ന ബിസിനസുകളും സുഗമമായി പോകണമെങ്കിൽ കേരളത്തിലെ ഭരണ സിരാകേന്ദ്രങ്ങളിൽ സഭക്ക് വളരെ വലിയ പിടിപാടുകൾ ഉണ്ടായിരിക്കണം. ഈ അവിഹിത ബന്ധങ്ങളിലൂടെയാണ് ക്രൈസ്തവസഭ അതിന്റെ രാഷ്ട്രീയ നയങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളതെന്ന് കേരളത്തിന്റെ അതിവിദൂരമല്ലാത്ത രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ ബോധ്യമാവുന്നതാണ്.

പുണ്യവാളൻ തോമസ് ശ്ലീഹ നേരിട്ട് മാമോദീസ മുക്കിയ പ്രധാന നമ്പൂതിരി കുടുംബങ്ങളിൽ പെട്ടവരാണ് തങ്ങളെന്ന് പാലായിലെ മാണിയും തൊടുപുഴയിലെ ജോസഫും വിചാരിക്കുന്നു. തങ്ങൾക്ക് ലഭിച്ച അപ്രമാദിത്വം വീണ്ടും സമൂഹത്തിൽ (മതം മാറിയതിന് ശേഷവും) ഉണ്ടാവണമെന്ന തിരിച്ചറിവുകളിലൂടെയാണ് കുതികാൽവെട്ടിന്റെയും പാരയുടെയും രാഷ്ട്രീയ പദാവലികൾ രൂപപ്പെടുന്നത്. മധ്യതിരുവിതാംകൂറിൽ ജനിക്കുന്ന ഒരാൾ ഏതെങ്കിലുമൊരു സഭയിൽ മാത്രമല്ല കേരള കോൺഗ്രസിന്റെ ഏതെങ്കിലും ഒരു ഗ്രൂപ്പിലും ഉൾപ്പെടും. മതവിശ്വാസങ്ങൾക്കൊപ്പം പാലൂട്ടി വളർത്തുന്നതും ജീവിതാനുഭവങ്ങളുടെ പതിപ്പുകളായി രൂപാന്തരപ്പെടുന്നതുമാണ് ഒരു ശരാശരി ക്രിസ്ത്യാനിക്ക് കേരളാ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം. രാഷ്ട്രീയ സദാചാരത്തിന്റെ ഏതു പാഠങ്ങൾ മറിച്ചു നോക്കിയാലും അതിനപ്പുറത്തേക്ക് പോകുന്ന ഒരു ചരിത്രമല്ലാതെ ഇവർക്ക് പറയാനുണ്ടാവില്ല. രാഷ്ട്രീയ ആദർശങ്ങളുടെ അടിസ്ഥാനത്തിലുമല്ല ഏതെങ്കിലും ഒരു മുന്നണിയെ പിന്തുണക്കുന്നതും എതിർക്കുന്നതും. പ്രായോഗികമായ അവസരവാദങ്ങൾക്കാണ് ഇവരുടെ പിന്തുണ. അത് അരമനക്കും കുഞ്ഞാടുകൾക്കും പ്രത്യക്ഷത്തിൽ വിരുദ്ധമാവാതിരുന്നാൽ മതി. വളരുക, പിളരുക, ലയിക്കുക എന്ന രാഷ്ട്രീയ അടവുനയങ്ങൾക്ക് ഒറ്റവാക്കിൽ ഒരു പേരുപറയാൻ കഴിയുമെങ്കിൽ അത് കേരളാ കോൺഗ്രസ് എന്നായിരിക്കും.

ജോസഫും മാണിയും ലയിക്കാൻ തീരുമാനിച്ചപ്പോൾ അതിന്റെ പിന്നിൽ ബാഹ്യകാരണങ്ങളുണ്ടെന്ന് എൽ.ഡി.എഫും, അത് അവരുടെ ആഭ്യന്തര കാര്യമാണെന്ന് യു.ഡി.എഫും പ്രസ്താവനയിറക്കിക്കഴിഞ്ഞു. കേരള കോൺഗ്രസിന്റെ ശക്തി തെളിയിക്കാനാണ് പരസ്പരം വിലയം പ്രാപിച്ച

തെന്ന് കേരളാ കോൺഗ്രസും സ്വയം വിലയിരുത്തി. ഏതാണ്ട് ഈ മൂന്ന് പ്രസ്താവനകളും ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കുന്നുണ്ട്. ഇതിന്റെ പിന്നിൽ ചരടുവലി നടത്തിയത് ആരാണെന്ന് വളരെ വ്യക്തമാണ്. ഇടതുമുന്നണി ഭരിക്കുമ്പോൾ തങ്ങൾക്ക് സ്വാധീനമുണ്ടാവാൻ ജോസഫ് ഗ്രൂപ്പിനെയും യു.ഡി.എഫ് ഭരിക്കുമ്പോൾ മാണി ഗ്രൂപ്പിനെയും ഉപയോഗപ്പെടുത്താൻ പരസ്പരം പിളർത്തിയതും സഭകളായിരുന്നു. സുറിയൻ കാത്തലിക് സഭകളുടെ ബിനാമികളാണ് യഥാർഥത്തിൽ കേരള കോൺഗ്രസിലെ മുഴുവൻ ഗ്രൂപ്പുകളും. മലയാളത്തിൽ ഇറങ്ങുന്ന മുൻനിര പത്രങ്ങളും പ്രസിദ്ധീകരണങ്ങളും പരസ്പരം മത്സരിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുമ്പോഴും അവർ വീണുകിടക്കുന്ന തൃപ്പാദങ്ങൾ ഈ സഭകളുടേതായിരുന്നു. ഈ പത്രങ്ങളുടെതുപോലെ പുറം മത്സരങ്ങൾ മാത്രമായിരുന്നു ബിനാമി രാഷ്ട്രീയത്തിന്റെയും കാതൽ. കേരളത്തിലെ മുഴുവൻ ഇടവകകളിൽനിന്നും പ്രസിദ്ധീകൃതമായ ഇടയലേഖനങ്ങളിൽ അക്കമിട്ടുനിരത്തിയ (ഇടതു സർക്കാറിനെതിരെ) അതേ ആരോപണങ്ങൾ തന്നെയാണ് ജോസഫ് ഗ്രൂപ്പ് പുറത്ത് വന്നപ്പോൾ ഗവൺമെന്റിനെതിരെയും ഉന്നയിച്ചത്. വിദ്യാഭ്യാസ നയത്തിലുള്ള വിയോജിപ്പാണ് ഇടതുമുന്നണിയിൽ നിന്ന് തന്നെ അകറ്റിയതെന്ന അദ്ദേഹത്തിന്റെ പ്രസ്താവന തന്നെ മതി ആരാണ് ഇതിനുപിന്നിൽ കളിച്ചതെന്ന് വ്യക്തമാകാൻ. പാഠപുസ്തക വിവാദ സമയത്തെ *വിദ്യാഭ്യാസവും പാഠ്യപദ്ധതി പരിഷ്കരണവും: തമസ്കരിക്കപ്പെടുന്ന യാഥാർഥ്യങ്ങൾ* എന്ന പേരിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ വിദഗ്ധസമിതി പുറത്തിറക്കിയ കൈപുസ്തകത്തിൽ ഇങ്ങനെ പറയുന്നു: “മാർക്സിസ്റ്റ് പാർട്ടിക്ക് ചരിത്രപരമായ കാരണങ്ങളാൽ ലോകത്തെമ്പാടുമെന്നതുപോലെ കേരളത്തിലും പ്രഥമ ശത്രു കത്തോലിക്കാ സഭയാണ്. അതുകൊണ്ട് തന്നെ സഭയുടെ സേവനങ്ങൾ മറക്കുകയും വികലമായി അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സഭയുടെ ധാർമികശക്തി നശിപ്പിച്ച് കേരള സമൂഹത്തിൽ സമഗ്രാധിപത്യത്തിന് വഴിതെളിയിക്കാനാണ് മാർക്സിസ്റ്റുകളുടെ ശ്രമം. സഭ എന്നാൽ സഭയിലെ അംഗങ്ങൾ ഓരോരുത്തരുമാണ്. സഭക്കെതിരായ വെല്ലുവിളികൾ ഈ സഭാംഗങ്ങളുടെയും പൊതുസമൂഹത്തിന്റെയും സമഗ്ര സുസ്ഥിതിക്കെതിരായ വെല്ലുവിളിയാണ്. മാർക്സിസ്റ്റ് പാർട്ടിയും ദർശനവും അവരുടെ നിലപാടുകളും കേരളത്തിൽ ഈ വെല്ലുവിളി ഗൗരവമായി ഉയർത്തുന്നു. മതനിരാസം ബൗദ്ധിക ഔന്നത്യമാണെന്ന തെറ്റിദ്ധാരണ ഒരു ആഭാസ സംവിധാനത്തിനാണ് രൂപം കൊടുക്കുന്നത്. മിശിഹായുടെ സഭ എക്കാലവും വെല്ലുവിളികളെ അതിജീവിച്ചാണ് വളർന്നത്. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വഹിച്ച പിതാക്കന്മാരുടെ സ്മരണ സഭയുടെ ശക്തിസ്രോതസ്സാണ്. പ്രതിസന്ധികൾ നേരിടുമ്പോൾ പതറാത്ത നിലപാടുകൾ സ്വീകരിക്കാനും ക്രിയാത്മകമായി പ്രതികരിക്കാനും സഭാമക്കൾക്ക് കടമയുണ്ട്...” ഈ സമരത്തിന്റെ തുടർച്ചയായിട്ടാണ് ജോസഫ് മാണി ഗ്രൂപ്പിൽ ലയിക്കാൻ തീരുമാനിച്ചതും ഇതേ കാരണങ്ങൾ ഇടതുസർക്കാറിനെതിരെ നിരത്തിയതും. ബാഹ്യമായോ ആന്തരികമായോ ഈ സമ്മർദം തന്നെയാണ് ഈ ഗ്രൂപ്പുകളുടെ ലയനത്തിനു പിന്നിൽ. ഇടതുസർക്കാർ കൈകാര്യം ചെയ്ത വിദ്യാഭ്യാസം ആഭാസങ്ങളുടെ വിളനിലമായിരുന്നുവെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ, ഇതൊരു വിലപേശൽ സാമുദായികതയിലേക്ക് വഴിമാറാനുള്ള ന്യായവുമല്ല. ‘സീസറിനുള്ളതും ദൈവത്തിനും ദൈവത്തിന്റെ ഇടയ മക്കൾക്കു’മാണെന്നു തന്നെയാണ് ഇവിടെ വ്യക്തമാക്കപ്പെടുന്നത്. ഇത്തരം രാഷ്ട്രീയ ഇടപെടലുകൾ മുസ്‌ലിം ജനവിഭാഗത്തിൽ നിന്നുണ്ടായാലും ഇത്തരം പരാമർശങ്ങളടങ്ങിയ (രക്തസാക്ഷിത്വത്തിന് ആഹ്വാനം ചെയ്ത ലഘുലേഖകൾ) കൈപുസ്തകങ്ങൾ അവർ പ്രസിദ്ധീകരിച്ചാലും അൽഖാഇദയുടെ അനുബന്ധങ്ങളായി ചേർക്കപ്പെടും. അതിന് മുൻപന്തിയിൽ ഈ സഭയിൽനിന്നിറങ്ങുന്ന പത്രങ്ങളുണ്ടാവുകയും ചെയ്യും.

കാത്തലിക് സഭയുടെ ഔദ്യോഗിക മുഖപത്രമായ *യൂനിയൻ ഓഫ് കാത്തലിക് ഏഷ്യൻ ന്യൂസി*ന് നൽകിയ അഭിമുഖത്തിൽ ലയനത്തെ സ്വാഗതാർഹമായ നീക്കമെന്നാണ് സീറോ മലബാർ സഭയുടെ വക്താവ് ഫാ. പോൾ തേലക്കാട് വിശേഷിപ്പിച്ചത്. യോജിപ്പ് കേരളാ കോൺഗ്രസിനെ ശക്തിപ്പെടുത്തുമെന്നും ദേശീയ-സംസ്ഥാന രാഷ്ട്രീയത്തിൽ നിർണായക പങ്കുവഹിക്കാൻ നേതാക്കളെ പ്രാപ്തരാക്കുമെന്നും അദ്ദേഹം പറഞ്ഞു. സഭാ നേതാക്കളുടെ പ്രേരണയെ തുടർന്നാണ് ജോസഫ് ഇടതു മുന്നണി വിടുന്നതെന്ന പാർട്ടി നേതാവായ ജോർജ് സെബാസ്റ്റ്യൻ *യൂനിയൻ ഓഫ് കാത്തലിക് ഏഷ്യൻ ന്യൂസി*നോട് പറഞ്ഞുവെന്നും മെയ് ഒന്നിന് പ്രസിദ്ധീകരിച്ച വാർത്തയിലുണ്ട്.

തങ്ങളുടേത് ഒരു ക്രിസ്ത്യൻ ഡോമിനന്റായ മുന്നണിയാവുമെന്ന ഭയവും ആശങ്കയും യു.ഡി.എഫിനുണ്ട്. ഹിന്ദു മുസ്‌ലിം വോട്ടുകൾ ഭിന്നിക്കാനും ഇത് കാരണമാവും. അതോടുകൂടി യു.

ഡി.എഫ് മറ്റു സാമുദായിക പ്രീണനങ്ങൾക്ക് സ്ട്രാറ്റജി തയാറാക്കും. എൽ.ഡി.എഫ്, എൻ.എസ്.എസിനെ കൂടുതൽ പ്രീണിപ്പിക്കാനുള്ള ഒരവസരമായി ഇതിനെ കാണുകയും അതനുസരിച്ചുള്ള നയപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യും. അതിന്റെ സൂചനയാണ് ഒരു ഇടതുമുന്നണി നേതാവ് മന്നത്ത് പോയി പുഷ്പാർച്ചന നടത്തിയത്; അവരുടെ സംവരണ വാദത്തെ പിന്തുണച്ച് ഡി.വൈ.എഫ്.ഐ പ്രസ്താവനയിറക്കിയത്. വർഗീയ പ്രീണനത്തിന് ഇന്ത്യയിൽ ബാൽതാക്കറെ കഴിഞ്ഞാൽ ഇലക്ഷനിൽ പങ്കെടുക്കുന്നതിൽ നിന്ന് കോടതി വിലക്ക് കൽപിച്ച രണ്ടാമത്തെയാളാണ് പി.സി തോമസ്. അദ്ദേഹത്തെ മുന്നണിയിലെടുത്തതിനും കനത്തവില നൽകാൻ അവർ തയാറാവേണ്ടി വരും. മുസ്‌ലിംവിരുദ്ധ പ്രചാരണത്തിലൂടെ അദ്ദേഹം പരാജയപ്പെടുത്തിയ സി.പി.എമ്മിലെ പി.എം ഇസ്മാഈലിന് ഇതംഗീകരിക്കുകയും ചെയ്യേണ്ടിവരും. ഈ വൈരുധ്യങ്ങളെ മറികടക്കാൻ അവർ അവലംബിക്കുന്നത് മന്നത്ത് പത്മനാഭന് പുഷ്പാർച്ചന നടത്തുകയെന്നത് തന്നെയായിരിക്കാനാണ് കൂടുതൽ സാധ്യത. ഇരുമുന്നണികളിലും പ്രഖ്യാപിത ലയനം ഉണ്ടാക്കുന്ന ഏറ്റവും വലിയ സുനാമി ഈ പ്രതിസന്ധികൾ തന്നെയാണ്. അതിന്റെ ഫലമായി കേരളീയ സമൂഹത്തിൽ സാമുദായികമായ വേലിക്കെട്ടുകൾ വളർന്നു വലുതാവും. ഇരുമുന്നണികളും അവലംബിക്കുന്ന ഏക ആദർശം ഇത്തരത്തിലുള്ള പ്രതിലോമപരമായ പ്രീണന നയങ്ങളായിരിക്കും. ഇത് സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് വഴിവെക്കും.

കേരളാ കോൺഗ്രസുകളുടെ സംസ്കാരം മലയോര കർഷകർക്കിടയിലും മധ്യതിരുവിതാംകൂറിലും ആഴത്തിൽ വേരോടിക്കിടക്കുന്നതാണ്. ഗ്രൂപ്പുകൾ നിരവധിയുണ്ടെങ്കിലും ശക്തി ഇപ്പോഴും അവശേഷിക്കുന്നത് ലയനത്തിലേർപ്പെട്ട ഈ രണ്ടു ഗ്രൂപ്പുകൾക്കുമാണ്. ശക്തിക്കൊത്ത അംഗീകാരം കിട്ടിയില്ലെന്ന നിരാശയും ലയിച്ചാൽ കൂടുതൽ കിട്ടാവുന്ന അധികാരങ്ങളെക്കുറിച്ചുള്ള പ്രതീക്ഷയും ഇതിനൊരു പ്രേരകമാണ്. അതിനിസ്സാരമായ വൈയക്തിക പ്രശ്നങ്ങൾക്കു പോലും തമ്മിൽ തല്ലി കാലം കഴിച്ച ചരിത്രമാണ് ഇവർക്കു പറയാനുള്ളത്. കേരളത്തിലെ മലയോര കർഷകരുടെ വർഗസംഘട്ടനവും തൊഴിലാളി സ്നേഹവും ചേർത്ത് വെച്ചാണ് പാർട്ടിയുടെ മാനിഫെസ്റ്റോ തയാറാക്കിയിട്ടുള്ളത്. പാലായിലെ റോഡ് പാരീസ് മോഡലാക്കാനും ബിഷപ്പിന് സ്വർണകുരിശ് നൽകാനും മത്സരിക്കുന്നതിനിടയിൽ മലയോര കർഷകരെ പരിഗണിക്കാൻ അവർക്ക് സമയം കിട്ടിയിട്ടില്ല! ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും കെടുതികൾ കൊണ്ട് മലയോര കർഷകർ വയനാട്ടിലും ഇടുക്കിയിലും പാലായിലും ആത്മഹത്യയിൽ അഭയം തേടിയപ്പോഴും കുറ്റകരമായ നിസ്സംഗതയാണ് ഇവർ പുലർത്തിയിരുന്നത്. കേന്ദ്രം കർഷരുടെ നെഞ്ചത്തടിക്കുന്ന ആസിയാൻ കരാർ പോലുള്ളവ നടപ്പിലാക്കിയപ്പോഴും ഇവർ അനങ്ങിയില്ല. ക്രൈസ്തവ സഭകളുടെ ആശീർവാദങ്ങളോടെ നടക്കുന്ന ശിരോവസ്ത്ര വിലക്കുകളും പ്രവാചക നിന്ദയും വ്യാപകമായ രീതിയിൽ നടമാടിയപ്പോൾ അതിനെ ന്യായീകരിക്കും വിധം രാഷ്ട്രീയ സമ്മർദങ്ങൾ പ്രയോഗിക്കാനാണ് ഇവർ തയാറായത്. മാസംപ്രതി അഴിമതിയാരോപണങ്ങൾക്ക് വിധേയനാകുമായിരുന്നു പി.ജെ ജോസഫ്. പൊതുമരാമത്ത് ടെൻഡർ, ഭവന നിർമാണ പദ്ധതി, പ്ലസ്ടു സീറ്റുകൾ അനുവദിച്ചുനൽകുന്നതിലെ പക്ഷപാതിത്വം ഇങ്ങനെ നിരവധി ആരോപണങ്ങൾ ഉന്നയിച്ച് ഒച്ചപ്പാടുണ്ടാക്കിയവർ ഇനി മുതൽ അദ്ദേഹത്തിന് ജയ് വിളിക്കേണ്ടി വരും. തങ്ങളോടൊപ്പം കൂടിയാൽ ഹറാമുകൾ ഹലാലാവുമെന്ന തലതിരിഞ്ഞ നൈതിക സങ്കൽപങ്ങൾ വെച്ചു പുലർത്തുന്ന മലീമസമായ കേരള രാഷ്ട്രീയത്തിന് രാഷ്ട്രീയ മൂല്യങ്ങൾ  പകരം വെച്ചുള്ള പുനരുദ്ധാരണമാണ് ഇനി നടക്കേണ്ടത്. ജനപക്ഷ മാനിഫെസ്റ്റോ കൊണ്ട് വരുന്നവരെ മതമൗലികവാദികളാക്കാനും വർഗീയവാദികളാക്കാനും അതിനെ 'ബൗദ്ധിക ജിഹാദ്' ആയി വ്യാഖ്യാനിക്കാനും ധൃതിപിടിക്കുന്നവർ ചീഞ്ഞുനാറിയ ഈ അഴുക്കുചാലിൽ സ്വയം ദുർഗന്ധമായി ഇഴുകിച്ചേരാനാണ് ആഗ്രഹിക്കുന്നത്. ■

*shihabpktrsio@gmail.com*